(എ) സംസ്ഥാനത്തെ ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിൽ എത്ര ഹെക്ടർ സ്ഥലം ഉണ്ട്;

(ബി) അതിൽ കൈവശക്കാരായ എത്ര കൃഷിക്കാർ ഉണ്ട്;

(സി) അവരുടെ പക്കൽ ആകെ എത്ര ഹെക്ടർ സ്ഥലം ഉണ്ട്;

(ഡി) കോർപ്പറേഷൻ ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ കൈവശക്കാരായിട്ടുള്ള കൃഷിക്കാരെ ഒഴിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) 3,829 ഹെക്ടർ.

(ബി) ആരുമില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) പരാതികളെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പഞ്ചായത്ത് ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്യപ്പെട്ട എക്സിക്യൂട്ടീവ് ആഫീസർമാർ

909 [1442] ശ്രീ. ടി.കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-ൽ എത്ര പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറൻമാരെ ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തു;

(ബി) വേക്കൻസിയില്ലെന്ന കാരണം പറഞ്ഞ് ഇവരിൽ ആരെയെങ്കിലും പിന്നീടു റിവർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

(സി) ഇപ്പോഴും പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ വേക്കൻസികളും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(ഇ) ഈ വേക്കൻസികളിൽ റിവർട്ട് ചെയ്യപ്പെട്ട എക്സിക്യൂട്ടീവ് ആഫീസർമാരെ പ്രമോട്ട് ചെയ്തു നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6 പേർ.

(ബി) ഉണ്ട്. 5 പേരെ റിവർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 6 വേക്കൻസികളും താഴെ പറയുന്ന സ്ഥലങ്ങളിലുണ്ട്;

1. അണ്ടത്തോട് ബ്ലോക്ക്.
2. തൃണേരി ,,
3. മലപ്പുറം ,,
4. മലപ്പുറം ജില്ല പഞ്ചായത്താഫീസ്
5. കോഴിക്കോട് മേഖല പഞ്ചായത്ത് ഡെപ്യൂട്ടി ഡറയക്ടറാഫീസ്
6. മലപ്പുറം മേഖലാ ഡെപ്യൂട്ടി ഡയറക്ടറാഫീസ്.

(ഇ) ഏഴ് പഞ്ചായത്ത് ഇൻസ്പെക്ടർമാർ ലീവിലാണ്. ഇവർക്ക് ലീവ് തീരുന്ന മുറയ്ക്ക് പോസ്റ്റിംഗ് കൊടുക്കേണ്ടിയിരിക്കുന്നതിനാൽ മേൽകാണിച്ച വേക്കൻസികളിൽ റിവർട്ട് ചെയ്ത പഞ്ചായത്ത് ഇൻസ്പെക്ടർമാരെ പ്രമോട്ട് ചെയ്തു നിയമിക്കാൻ നിവൃത്തിയില്ല.

പോരുവഴി പഞ്ചായത്തിൽ ജലവിതരണനടപടികൾ

910 [1443] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പോരുവഴി പഞ്ചായത്തിൽ ജലവിതരണം വ്യാപകമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 4.1.1979-ൽ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം സൂപ്രണ്ടിംഗ് എഞ്ചിനീയർ, തിരുവനന്തപുരത്തേക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലത്തേക്കും നടപടിക്കായി അയച്ചുകൊടുക്കുകയും ജലവിതരണം വ്യാപകമാക്കാനുള്ള നിർദ്ദേശം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചുവരികയുമാണ്.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർ

911 [1444] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി ഒന്നാം തീയതി സംസ്ഥാനത്ത് ഒന്നാം ഗ്രേഡ് പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാരായി എത്ര പേരുണ്ടായിരുന്നു;

(ബി) അവരിൽ എത്ര പേർ ഇപ്പോഴും പഞ്ചായത്ത് ഇൻസ്പെക്ടർമാരായിട്ടുണ്ട്;

(സി) ഇവരിൽ ഹരിജനങ്ങളും എത്രയുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly